**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3577** **05-08-2021 - ൽ മറുപടിയ്ക്ക്**

**ബാംബൂ കോർപ്പറേഷനിലെ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ബാംബൂ കോർപ്പറേഷനിലെ ജീവനക്കാർക്ക് ഡി.എ. കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ 2015 മേയ് മാസം മുതൽ 2021 ജൂലായ് മാസം വരെ 74 മാസത്തെ ഡി.എ കുടിശ്ശിക ഉണ്ടായിരുന്നതിൽ, പല ഘട്ടങ്ങളിലായി 12 മാസത്തെ ഡി.എ കുടിശ്ശികയായ 3.03 കോടി രൂപ നിലവിലെ ബോർഡ് അധികാരത്തിൽ വന്നപ്പോൾ നൽകിയിട്ടുള്ളതും, ബാക്കി 62 മാസത്തെ ഡി.എ കുടിശ്ശിക നൽകാനുമുണ്ട്. |
| (ബി) | വ്യവസായ വകുപ്പിന്റെ 30.06.2021 ലെ G.O(Rt) 667/2021/ID നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച 12 കോടി രൂപയിൽനിന്നും തൊഴിലാളികൾക്ക് എത്ര മാസം വരെ നൽകേണ്ട ഡി.എ. കുടിശ്ശിക നൽകാനാകുമെന്നും ബാക്കി നിൽക്കുന്ന കുടിശ്ശിക നൽകാൻ എത്ര രൂപ വേണ്ടിവരുമെന്നും വ്യക്തമാക്കാമോ; | (ബി) | 30.06.2021 ലെ സ.ഉ (സാധാ)നം. 667/2021/വ്യവ നം. ഉത്തരവ് പ്രകാരം അനുവദിച്ച 12 കോടി രൂപയിൽ മുഴുവൻ ഡി.എ കുടിശ്ശികയും നൽകുവാൻ കഴിയും. |
| (സി) | പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും വേതനം അവസാനമായി എന്നാണ് പരിഷ്കരിച്ചതെന്ന് അറിയിക്കാമോ; | (സി) | ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ബാംബൂ ബോർഡ് ഫാക്ടറി തൊഴിലാളികളുടെ ശമ്പള പരിഷ്കരണം സംബന്ധിച്ചുള്ള ദീർഘകാല കരാർ സർക്കാർ ഉത്തരവ് സ.ഉ (കൈ)നം.44/2016/വ്യവ തീയതി 01.03.2016 പ്രകാരം 01.07.2009 മുതൽ 30.06.2014 വരെ 5 വർഷ കാലാവധിയുള്ള ദീർഘകാല കരാർ 01.07.2009 ൽ പ്രാബല്യത്തിൽ വരുത്തി 01.07.2017 ൽ നടപ്പിലാക്കിയിട്ടുണ്ട്. ബാംബൂ കോർപ്പറേഷൻ ജീവനക്കാരുടെ 2006 ലെ ശമ്പള പരിഷ്കരണം 01.04.2014 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ബാംബൂ കോർപ്പറേഷന്റെ ഡിപ്പോവർക്കേഴ്സിന്റെ ശമ്പള പരിഷ്കരണം സ.ഉ (കൈ) നം.38/2016/വ്യവ തീയതി 29.02.2016 പ്രകാരം 01.01.2013 മുതൽ 5 വർഷത്തേക്ക് ദീർഘകാല കരാർ നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇവരുടെ വാർഷിക ശമ്പള വർദ്ധനവ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | 95 കോടിയോളം രൂപയുടെ സഞ്ചിത നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാലാണ് വാർഷിക ശമ്പള വർദ്ധനവ് നൽകാൻ കഴിയാത്തത്. |

സെക്ഷൻ ഓഫീസർ